**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1489** **10-10-2024 - ൽ മറുപടിയ്ക്ക്**

**തിരുവല്ല – മല്ലപ്പള്ളി- ചേലക്കൊമ്പ് റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരുവല്ല – മല്ലപ്പള്ളി- ചേലക്കൊമ്പ് റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | തിരുവല്ല മല്ലപ്പള്ളി ചേലക്കൊമ്പ് റോഡ് വികസനവുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിലെ തിരുവല്ല, കുറ്റപ്പുഴ, കുന്നന്താനം, കല്ലൂപ്പാറ, മല്ലപ്പള്ളി, ആനിക്കാട് എന്നീ വില്ലേജുകളിലെ 2.0305 ഹെക്ടർ സ്ഥലവും, കോട്ടയം ജില്ലയിലെ പായിപ്പാട്, നെടുങ്കുന്നം എന്നീ വില്ലേജുകളിലെ 0.3530 ഹെക്ടർ സ്ഥലവും ഉൾപ്പെടെ ആകെ 2.3835 ഹെക്ടർ സ്ഥലം 2013-ലെ എൽ.എ.ആർ.ആർ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും, സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി, വിദഗ്ധ സമിതി രൂപീകരിച്ച് 17/03/2022-ലെ സ.ഉ.(കൈ)നം. 72/2022/റവ പ്രകാരം എൽ.എ.ആർ.ആർ ആക്ട്, 2013 ലെ സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br><br>2013-ലെ ആർ.എഫ്.സി.റ്റി. എൽ.എ.ആർ.ആർ നിയമം, സെക്ഷൻ 8 പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി അന്തിമ റിപ്പോർട്ട് വിദഗ്ധ സമിതി അംഗീകരിച്ച് ശിപാർശ സമർപ്പിച്ച് ഒരു വർഷത്തിനകം സെക്ഷൻ 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് നിഷ്കർഷിക്കുന്നു.<br>എന്നാൽ, വിദഗ്ധ സമിതി റിപ്പോർട്ട് 31/01/2022-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും, 11(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള കാലാവധി 30/01/2023-ൽ അവസാനിച്ചതിനെത്തുടർന്ന് 19/01/2023-ലെ സ.ഉ(അച്ചടി)നം.13/2023/റവ, 03/08/2023-ലെ സ.ഉ.(അച്ചടി)നം. 186/2023/റവ, 12/12/2023-ലെ സ.ഉ(അച്ചടി)നം.311/2023/റവ എന്നിവ പ്രകാരം ദീർഘിപ്പിക്കൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 11(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള കാലാവധി 30/07/2024-ൽ അവസാനിച്ചിട്ടുണ്ട്. 11(1) വിജ്ഞാപനം |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിക്കുന്നതിനുള്ള കാലാവധി വീണ്ടും 6 മാസം ദീർഘിപ്പിച്ചു നൽകുന്നതിന് തുടർനടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | ഇതിനായി 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള സമയം നീട്ടി നൽകണമെന്നുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ